## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2229 16.08.2017 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് സൗരോർജ്ജത്തിൽ നിന്നും ആകെ 90 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള ഉപയോഗ ശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ റിസർവ്വോയറുകളിലും നടപ്പാതകളിലും കൂടാതെ കനാൽ ടോപ്പ്, കനാൽ ബാങ്ക് എന്നിവിടങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. ഇവയിൽ നിന്നും 10.399 MW-ന്റെ പദ്ധതികൾ പൂർത്തീകരിക്കുകയും 8.515 MW പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയും 4.4175 MW-ന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.15 MW-ന്റെയും തെക്കൻ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 57.5 KW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.<br><br>കാസർഗോഡ് 200 MW സോളാർ പാർക്കിന്റെ ആദ്യ ഘട്ടമായ 50 MW-ൽ 36 MW-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>ഇവ കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 MW ശേഷിയുള്ള ഒരു സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>കായംകുളത്ത് എൻ.റ്റി.പി.സി-യുടെ അധീനതയിലുള്ള ഭൂമിയിൽ പരമാവധി സോളാർ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി എൻ.റ്റി.പി.സി-യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ allocation അനുസരിച്ച് 1870 മെഗാവാട്ട് ആണ് അനെർട്ട് 2022-ലേയ്ക്ക് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 800 മെഗാവാട്ട് മേൽക്കൂര വൈദ്യുത പദ്ധതിയ്ക്കായാണ് ലക്ഷ്യമിടുന്നത്.</td></tr>
<tr><td>(ബി)</td><td>കാസർഗോഡ് ജില്ലയിൽ നിന്ന് ഈ പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?</td><td>(ബി)</td><td>സോളാർ പാർക്ക് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി ചുവടെ ചേർക്കും പ്രകാരം ഉല്പ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<table><tr><td>ഒന്നാം ഘട്ടം 50mw</td><td rowspan="2">അമ്പലത്തറ കിനാന്നൂർ കരിന്തളം വില്ലേജ്.</td></tr><tr><td>രണ്ടാം ഘട്ടം 70mw</td></tr><tr><td>മൂന്നാം ഘട്ടം 80mw</td><td>പൈവളിഗെ, മീഞ്ജ, പിപ്പാർ വില്ലേജ്</td></tr></table><br>ചീമേനിയിൽ 200 MW ശേഷിയുള്ള ഒരുപുതിയ സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ആഫീസർ

അനുബന്ധം

# കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്റ്റ് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്റ്റ് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2016 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ ~~(27 എണ്ണം)~~ | 0.475 | |

| | | | |
|---|---|---|---|
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12-നം) | 0.130 | |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| | ആകെ | 10.399372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 2 | ബാണാസുരസാഗർ റിസർവോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 3 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 4 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 5 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 6 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 7 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 8 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| 9 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.435 | നിർമ്മാണം പുരോഗമിക്കുന്നു | |
| 10 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.33 | നിർമ്മാണം പുരോഗമിക്കുന്നു | |
| | ആകെ | 8.515 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 4 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 5 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| 6 | കോഴിക്കോട് (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.48 | 330.18 |
| 7 | കണ്ണൂർ (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.67 | 512.50 |
| 8 | തെക്കൻ മേഖലയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ മുകളിൽ | 0.0575 | 40.595 |
| | ആകെ | 4.4175 | |

P [signature]
സെക്ഷൻ ഓഫീസർ